# 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1299** **14-03-2022 - ൽ മറുപടിയ്ക്ക്**

## സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴില്‍ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കിവരുന്ന ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് ഓരോ കുട്ടിക്കും എത്ര തുക വീതമാണ് അനുവദിക്കുന്നത്; വിശദാംശം നൽകാമോ; നിലവിൽ അനുവദിക്കുന്ന തുക അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ പേര് ചേർത്തിട്ടുള്ള ഓരോ കുട്ടിക്കും പാചക ചെലവിനത്തിൽ സ്കൂളുകൾക്ക് അനുവദി ക്കുന്ന തുകയുടെ വിശദാംശം ചുവടെ രേഖപ്പെടുത്തിയിരിക്കുന്നു. 150 കുട്ടികൾ വരെ - കുട്ടിയൊന്നിന് 8 രൂപ. 151 മുതൽ 500 വരെ - ആദ്യത്തെ 150 കുട്ടികൾക്ക് 8 രൂപ വീതവും 151 മുതലുള്ള കുട്ടികൾക്ക് 7 രൂപ വീതവും. 500 ന് മുകളിൽ - ആദ്യത്തെ 150 കുട്ടികൾക്ക് 8 രൂപ വീതവും 151 മുതൽ 500 വരെയുള്ള കുട്ടികൾക്ക് 7 രൂപ വീതവും 501 മുതൽ 6 രൂപ വീതവും. നിലവിൽ അനുവദിച്ച് വരുന്ന പ്രസ്തുത തുക അപര്യാപ്തമാണെന്ന് ചൂണ്ടിക്കാട്ടി ക്കൊണ്ടുള്ള അദ്ധ്യാപക സംഘടനകളുടെ നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | നിലവിൽ അനുവദിച്ചിട്ടുള്ള തുക ഉപയോഗിച്ച് ഓരോ കുട്ടിക്കും എന്തെല്ലാം ഭക്ഷണങ്ങളാണ് ക്രമീകരിക്കേണ്ടത് എന്നും ബാക്കി തുക എങ്ങനെ കണ്ടെത്തുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ; | (ബി) | പാചകചെലവിനത്തിൽ അനുവദിക്കുന്ന തുക വിനിയോഗിച്ചുകൊണ്ട് രണ്ട് കറികളോടു കൂടിയ ഉച്ചഭക്ഷണവും അതോടൊപ്പം സപ്ലിമെന്ററി ന്യൂട്രീഷ്യന്റെ ഭാഗമായി ആഴ്ചയിൽ ഒരു ദിവസം 150 മില്ലീ ലിറ്റർ പാൽ, ഒരു ദിവസം മുട്ട / നേന്ത്രപ്പഴം എന്നിവ കുട്ടികൾക്ക് നൽകി വരുന്നുണ്ട്. |
| (സി) | ഓരോ കുട്ടിക്കും നൽകുന്നതിന് ഉദ്ദേശിച്ചിട്ടുള്ള ഭക്ഷണപദാർത്ഥങ്ങൾക്കായി അനുവദിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ ആവശ്യമായ തുക പദ്ധതിയിൽ അനുവദിച്ചു നൽകുന്ന കാര്യം അടിയന്തരമായി പരിഗണിക്കുമോ എന്നു വ്യക്തമാക്കാമോ? | (സി) | ഓരോ കുട്ടിക്കും നൽകുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ പാചകചെലവിനായി അനുവദിക്കുന്ന തുക പര്യാപ്തമല്ലായെന്ന് ചൂണ്ടിക്കാട്ടി ലഭിച്ചിട്ടുള്ള ചില അദ്ധ്യാപക സംഘടനകളുടേയും നൂൺമീൽ കമ്മിറ്റികളുടേയും നിവേദനങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ